**സബ്മിഷൻ**

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുതിത്തന്ന അതേവിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ഒ. രാജഗോപാൽ, ശ്രീ. പി. ടി. തോമസ്, ശ്രീ. എം. രാജഗോപാലൻ എന്നീ മൂന്ന് അംഗങ്ങൾകൂടി സബ്മിഷനുകൾ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവരവരുടെ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങള കേന്ദ്രീകരിച്ചാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് അവർക്ക് മൂന്ന് പേർക്കും ഓരോ വാചകങ്ങൾ പറയാവുന്നതാണ്.

## (1) ഐ.എസ്. റിക്രൂട്ട്മെന്റ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽനിന്നും 19 പേർ ഐ.എസ്. ക്യാമ്പിലെത്തി എന്ന വാർത്ത ഞെട്ടലോടെയാണ് കേരളം ശ്രവിച്ചത്. അതീവ ഗൗരവത്തോടെ നമ്മൾ കാണേണ്ട ഒരു വിഷയമാണിത്. ലോകത്തിന്റെ പല ഭാഗത്തും ഐ.എസ്. ഉയർത്തുന്ന അക്രമ പ്രവർത്തനങ്ങൾ തികച്ചും ആശങ്കാജനകമാണ്. ജൂലൈ 1-ന് ധാക്കയിൽ 28 പേരും ജൂലൈ 3-ന് ബാഗ്ദാദിൽ 200 പേരും കൊല്ലപ്പെടുകയുണ്ടായി. ധാരാളം മിസ്സിംഗ് കേസുകൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാറുണ്ട്. എന്നാൽ ഇവരെല്ലാവരും ഐ.എസ്.-ൽ

ചേർന്നതാണ് എന്ന് പറയാൻ കഴിയില്ല. നേരത്തെ കേരളത്തിൽനിന്നും വിദേശത്തുപോയ ചിലർ ഐ.എസ്.-ൽ ചേർന്നുവെന്ന വിവരങ്ങൾ ഉണ്ടായിരുന്നു. വിദേശരാജ്യങ്ങളിൽ ജോലിചെയ്തുകൊണ്ടിരുന്ന ചില ആളുകൾക്ക് ഇതുമായി ബന്ധമുണ്ട് എന്ന് പറഞ്ഞുകൊണ്ട് അവിടത്തെ രാജ്യങ്ങൾ കേരളത്തിലേയ്ക്ക് നാലിലധികം ആളുകളെ എക്സ്ട്രഡിറ്റ് ചെയ്ത കാര്യവും നമുക്ക് അറിയാവുന്നതാണ്. തീവ്രവാദം ഏത് രീതിയിലാണെങ്കിലും അതിനെ എതിർക്കപ്പെടേണ്ടതാണ്. എല്ലാ മതേതര വിശ്വാസികളും രാഷ്ട്രീയ കക്ഷികളും സംഘടനകളും വ്യക്തികളും ഇതിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട് എന്നുള്ളത് ആശ്വാസജനകമായ ഒരു കാര്യമാണ്. ആഭ്യന്തര സുരക്ഷിതത്വം ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് ശക്തിപ്പെടുത്തേണ്ടതുമാണ്. കേന്ദ്ര ഇന്റലിജൻസ് ഏജൻസികളും സംസ്ഥാന ഇന്റലിജൻസ് ഏജൻസികളും കൂടുതൽ കോ-ഓർഡിനേറ്റ ചെയ്തുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളെ കാണേണ്ടതായിട്ടുണ്ട്. ഇതെല്ലാം വാർത്തകളാണ്. ഇതിനെ സ്ഥിരീകരിക്കപ്പെട്ട നിലയിലുള്ള കാര്യങ്ങൾ നമ്മുടെ മുമ്പിലില്ല. ഇക്കാര്യത്തിൽ കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടല്ലോ എന്നാണ് നമ്മൾ വാർത്തകളിലൂടെ വായിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയുവാനുള്ളത് എല്ലാ കാര്യങ്ങളും സ്വാഭാവികമായും

ആഭ്യന്തര വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന അദ്ദേഹത്തിന് പുറത്ത് പറയാൻ കഴിയില്ല. എന്നാൽ ഈ സഭയുമായും ജനങ്ങളുടെ മുമ്പിലും അവതരിപ്പിക്കാൻ കഴിയുന്ന കാര്യങ്ങൾ ഷെയർ ചെയ്താൽ നന്നായിരിക്കും. കാരണം പലവിധത്തിലുള്ള അഭ്യൂഹങ്ങളും വാർത്തകളുമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള അഭ്യൂഹങ്ങളും ആശങ്കാജനകമായ വാർത്തകളും ഒഴിവാക്കാൻവേണ്ടി ഷെയർ ചെയ്യാവുന്ന വിവരങ്ങൾ ഈ സഭയുമായി ഷെയർ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ വാർത്തകൾ ഇതുവരെ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല എന്നുള്ളതും ചില മാധ്യമങ്ങളിലൂടെ പുറത്തുവരുന്ന കാര്യങ്ങളാണ്. നമ്മുടെ നാട്ടിൽ നടക്കുന്ന എല്ലാ മിസ്സിംഗ് കേസുകളും ഐ.എസ്.-മായി ബന്ധപ്പെട്ടതാണ് എന്ന് നമുക്കാർക്കും പറയാൻ കഴിയില്ല. ധാരാളം മിസ്സിംഗ് കേസുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടന്നുവരാറുണ്ട് എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഇ-മെയിൽ, വാട്ട്സ് ആപ്പ്, ഫെയ്സ്ബുക്ക് എന്നീ നവമാധ്യമങ്ങളിലൂടെ ഇത്തരത്തിലുള്ള ധാരാളം വാർത്തകൾ പ്രചരിക്കുകയും അതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും നമ്മുടെ മുമ്പിലുള്ള ഒരു കാര്യംതന്നെയാണ്. ഇന്ന് നവമാധ്യമങ്ങളിലൂടെയുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി നമ്മൾ കാണേണ്ട ഒരു കാര്യംതന്നെയാണ്. ഏതായാലും നമ്മുടെ സംസ്ഥാനം

പൊതുവേ സമാധാനാന്തരീക്ഷവും മതസൗഹാർദ്ദവും നിലനിൽക്കുന്ന നാടാണ്. പുരോഗമന ആശയങ്ങൾക്കും മുൻതൂക്കം നൽകുന്ന നാടാണ് നമ്മുടേത്. ഇവിടെ ഇങ്ങനെ ഒരു സംഭവം ഉണ്ടാകുന്നു എന്നുള്ള വാർത്തകൾ വരുന്നതുതന്നെ അതീവ ഗുരുതരമായ ഒരു കാര്യമാണ്. അതിനെ തടയുവാനും ഇതിന്റെ യഥാർത്ഥ വസ്തുത എന്താണ്; ഇതിന്റെ നിജസ്ഥിതി എന്താണ് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും ഗവൺമെന്റ് തയ്യാറാകണം. അങ്ങനെയുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് അങ്ങയിലൂടെ ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

## ഐ.എസ്. റിക്രൂട്ട്മെന്റ്

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, നേമം നിയോജകമണ്ഡലത്തിൽ ആറ്റുകാൽ ക്ഷേത്രത്തിനടുത്തുള്ള വീട്ടിലെ ട്രസ്റ്റിയുടെ ഏക മകൾ കാസർഗോഡിനടുത്തുള്ള ദന്തൽ കോളേജിൽ ലാസ്റ്റ് ഇയർ പഠിക്കുന്ന അവസരത്തിൽ ആ കുട്ടിയെ മതംമാറ്റിക്കൊണ്ടുപോയിരിക്കുന്നു എന്ന് പെട്ടെന്ന് വീട്ടുകാർക്ക് വിവരം കിട്ടി. അത് അറിഞ്ഞ ഉടൻ, കഴിഞ്ഞ നവംബർ മാസത്തിൽ തന്നെ പോലീസ് അധികാരികളെ വിവരം അറിയിച്ചു. പക്ഷെ ഒരു നടപടിയും എടുത്തില്ല. അങ്ങനെയുള്ള കാര്യങ്ങളിൽ തീർച്ചയായിട്ടും മതം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടാകണം.

അതുപോലെതന്നെ ആരെ വേണമെങ്കിലും വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യവും എല്ലാവർക്കും ഉണ്ടാകണം. പക്ഷേ ഭാരതത്തിനെ ശത്രുവായി കണക്കാക്കുന്ന ഐ.എസ്.-നുവേണ്ടി പങ്കുചേർന്ന് പോരാടാൻവേണ്ടിയുള്ള സാഹചര്യത്തിന് തടയിടാൻവേണ്ടി ശക്തമായ നിലപാട്, വോട്ട് രാഷ്ട്രീയത്തിന്റെ പരിഗണന മാറ്റിവച്ചുകൊണ്ട് ശക്തമായ നിലപാടെടുക്കാൻ സർക്കാർ തയ്യാറാകണം. വാക്ക് കൊടുത്തിട്ടുണ്ട്. അത് പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഐ.എസ്. റിക്രൂട്ട്മെന്റ്

ശ്രീ. പി. ടി. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ തമ്മനം പ്രദേശത്തുള്ള ഒരു പെൺകുട്ടിയും ഇതുപോലുള്ള ഒരു സംഘത്തിൽ അകപ്പെട്ടതായി അറിയുന്നുണ്ട്. കുട്ടിയുടെ പേരും വീട്ടുപേരും തുടങ്ങിയ എല്ലാ കാര്യങ്ങളും അറിയാമെങ്കിലും ഞാൻ അത് വെളിപ്പെടുത്തുന്നില്ല. തീർച്ചയായും ഞാൻ അതുമായി ബന്ധപ്പെട്ട് അവരുടെ വീട്ടുകാരുമായി ബന്ധപ്പെട്ടപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരുകാര്യം ഈ കുട്ടി ബോംബെയിൽ ജോലിചെയ്യുന്ന അവസരത്തിൽ അവിടെ ഒരു ഇസ്ലാമിക് റിസർച്ച് ഫൗണ്ടേഷൻ എന്നുപറയുന്ന ഒരു സ്ഥാപനവുമായി ബന്ധപ്പെടുകയും അവിടെ അന്ധേരിയിലുള്ള ഒരു ബിൽഡിംഗിൽ

നിരന്തരമായി കുറേ ആളുകൾ ഒത്തുചേർന്നുള്ള ചില ചർച്ചകളും ചില ക്ലാസ്സുകളുമൊക്കെ നടന്നുകൊണ്ടിരുന്നു എന്നുള്ളതാണ്. ഏതായാലും വളരെ ഗൗരവതരമായ ഈ വിഷയം വേണ്ട രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കേരള സമൂഹത്തിൽ ഇന്ന് ഉണ്ടായിരിക്കുന്ന ഭീതിജനകമായ ഒരു അന്തരീക്ഷത്തിന് അറുതിവരുത്തണം എന്നുമാത്രമല്ല നമ്മുടെ ഒരു മതേതര സമൂഹത്തിൽ മതതീവ്രവാദം ഇങ്ങനെ ആളിപ്പടരുന്നതിനെതിരെ സ്കൂൾ തലത്തിൽ മുതൽ വ്യാപകമായ പ്രചരണങ്ങൾ ആരംഭിക്കാൻ നമ്മൾ എല്ലാവരും വളരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളും ഇതോടനുബന്ധിച്ച് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## ഐ.എസ്. റിക്രൂട്ട്മെന്റ്

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂരിൽ പടന്ന-തൃക്കരിപ്പൂർ പഞ്ചായത്തുകളിൽനിന്നാണ് 3 കുടുംബങ്ങളിൽനിന്നായി 3 സ്ത്രീകളും 2 കുട്ടികളും ഉൾപ്പെടെ 13 പേരെ കാണാതായിട്ടുള്ളത്. വെൽ എഡ്യൂക്കേറ്റഡ് ആയിട്ടുള്ള ടെക്നോക്രാറ്റുകളും ഡോക്ടർമാരും ഉൾപ്പെടുന്നവരാണിവർ. സ്ഥലം എം.എൽ.എ. എന്ന നിലയിൽ എന്നേയും സ്ഥലം എം.പി. യെയും കുടുംബാംഗങ്ങൾ വന്ന് കാണുകയുണ്ടായി. ഇപ്പോഴും അവർ ഉത്കണ്ഠാകുലരാണ്.

ഇവർക്ക് അറിയാവുന്ന എല്ലാ വിവരങ്ങളും പോലീസിനും അന്വേഷണ ഏജൻസിക്കും കൈമാറാമെന്നാണ് ഇവരുടെ ശക്തമായ അഭിപ്രായം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാട്ടിയതുപോലെ ഇതുമായി ബന്ധപ്പെട്ട് വളരെ ഭീതിതമായിട്ടുള്ള വാർത്തകളാണ് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. മതസ്പർദ്ധ വളർത്താൻ ഇത് ഇടയാക്കും. ഇതിനെതിരെ ജാഗ്രത പാലിക്കാൻ നമുക്ക് കഴിയണം. അതിനുള്ള നടപടി സ്വീകരിക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ഇടതുപക്ഷ ഗവൺമെന്റിന് കഴിയുമെന്നുതന്നെയാണ് എന്റെ പ്രതീക്ഷ. തീർച്ചയായും ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

## ഐ.എസ്. റിക്രൂട്ട്മെന്റ്

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാന്യരായ മറ്റ് അംഗങ്ങളും അതീവ ഗൗരവകരമായ വിഷയം തന്നെയാണ് സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഈ പ്രശ്നം സമൂഹത്തിന്റെ ശ്രദ്ധയിൽ ആദ്യം കൊണ്ടുവന്നത് ബഹുമാന്യനായ എം.എൽ.എ. എം. രാജഗോപാലനും അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള എം.പി. ശ്രീ. പി. കരുണാകരനുമടക്കമുള്ളവർ

മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിലൂടെയാണ്. ഇവിടെ പ്രസ്താവിച്ചതുപോലെ ബന്ധപ്പെട്ട കുടുംബാംഗങ്ങളുടെ ആവശ്യപ്രകാരമായിരുന്ന ഇവർ ഇത്തരമൊരു നിവേദനം സമർപ്പിച്ചത്. ഇതുവഴി എല്ലാ വിവരങ്ങളും പുറത്ത് വരുന്നതിന് ഇടയായി. കേരളത്തിൽ നിന്നും ചില യുവതീയുവാക്കൾ ഐ.എസ്.ൽ ചേരുന്നതിനായി സിറിയയിലും അഫ്ഗാനിസ്ഥാനിലുമുള്ള ഐ.എസ്. ക്യാമ്പുകളിൽ എത്തിയിട്ടുള്ളതായി സംശയിക്കുന്ന വിധത്തിലുള്ള വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്ന് പതിനേഴ് പേരും പാലക്കാട് ജില്ലയിൽ നിന്ന് നാല് പേരും ഉൾപ്പെടെ ആകെ ഇരുപത്തൊന്ന് പേരെ കാണാതായിട്ടുണ്ടെന്നുള്ളതാണ് പ്രാഥമിക അന്വേഷണത്തിൽനിന്നും വ്യക്തമാകുന്നത്. ബഹുമാന്യനായ എം.എൽ.എ. രാജഗോപാലൻ സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിൽനിന്ന് കാണാതായതിൽ ഒരു യുവതി തിരുവനന്തപുരം സ്വദേശിനിയാണ്. ഇവർ ഈസ (ബെക്സൺ) എന്നയാളുടെ ഭാര്യയാണ്. ഇവർ മതപരിവർത്തനം ചെയ്തതിനുശേഷമാണ് വിവാഹിതരായത്. കാണാതായ എല്ലാവരും വ്യത്യസ്ത ആവശ്യങ്ങൾ പറഞ്ഞ് വീടുകളിൽനിന്നും പോയവരാണ്. ഇവർ സിറിയയിൽ

എത്തി ഇസ്ലാമിക് സ്റ്റേറ്റിൽ ചേർന്നതായിട്ടാണ് ഇപ്പോൾ ലഭ്യമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കാസർഗോഡ് നിന്ന് കാണാതായതിൽ എട്ട് പേർ യുവാക്കളും നാല് പേർ യുവതികളും മൂന്ന് പേർ കുട്ടികളുമാണ്. പാലക്കാട് നിന്ന് കാണാതായതിൽ രണ്ട് പേർ യുവാക്കളും രണ്ട് പേർ യുവതികളുമാണ്. കാസർഗോഡ് ജില്ലയിൽ നിന്ന് പതിനേഴ് പേരെ കാണാതായതായി എന്നതാണ് ഇപ്പോൾ പുറത്ത് വന്നിട്ടുള്ള വാർത്തകൾ. ഇതിൽ ഫിറോസ് ഖാൻ എന്ന ചെറുപ്പക്കാൻ മുംബൈയിലുള്ളതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുംബൈ എയർപോർട്ടിൽ വച്ച് അദ്ദേഹത്തെ പിടിച്ചതായി അറിയുന്നു. പ്രതിപക്ഷ നേതാവും ബഹുമാന്യരായ മറ്റ് അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനം ഗൗരവമായി കാണേണ്ട ഒരു പ്രശ്നം തന്നെയാണിത്. എന്നാൽ ഒരു കാര്യത്തിൽ നമുക്ക് വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്. ഇവിടെ ഭീരകരപ്രവർത്തനത്തിനും തീവ്രവാദത്തിനും മതാടിസ്ഥാനമില്ല. എല്ലാ മതത്തിൽപ്പെട്ടവരും തീവ്രവാദികളായും ഭീരകരവാദികളായും മാറുന്നുണ്ട്. ഭീകരപ്രവർത്തനവും തീവ്രവാദവും ഒരു തരത്തിലും നമുക്ക് അംഗീകരിക്കാൻ

സാധിക്കുന്നതല്ല. എന്നാൽ ചില സ്ഥാപിത താൽപര്യക്കാർ ഇതുമായി ബന്ധപ്പെട്ട് മുതലെടുപ്പിന് ശ്രമം നടത്തുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ മുസ്ലീം ജനവിഭാഗത്തെയാകെ സംശയത്തിന്റെ പുകമറയിൽ നിറുത്തുന്നതിനുള്ള ഒരു ശ്രമം ഉണ്ടായിട്ടുണ്ട്. ഇവിടെ ഇതിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്; മുസ്ലീം വിരുദ്ധ വികാരം സമൂഹത്തിൽ പടർത്താനുള്ള ഒരു ശ്രമമാണ് അതിന്റെ ഭാഗമായി സംഭവിക്കുന്നത്. ഭൂരിപക്ഷമതം, ന്യൂനപക്ഷമതം എന്നിങ്ങനെയുള്ള വ്യത്യാസം നമ്മുടെ നാട്ടിൽ ഇല്ല. ബഹുഭൂരിപക്ഷം ജനങ്ങളും ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ ചിന്തിക്കുന്നവരാണ്. ഇത്തരത്തിൽ ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ നിലകൊള്ളുന്ന ഒരു നാട് തന്നെയാണ് നമ്മുടേത്. ഇതിൽ ചെറിയൊരു വിഭാഗം മാത്രമാണ് തീവ്രവാദത്തിനും മറ്റും അടിമപ്പെടാനുള്ള പ്രവണത കാണിക്കുന്നത്. അത് നാം ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. സംസ്ഥാന സർക്കാർ മാത്രമല്ല, കേന്ദ്ര സർക്കാരിന്റെ വിവിധ ഏജൻസികളുമായി യോജിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നടപടികൾ മാത്രം

മതിയാകുമെന്ന നിലപാട് നമ്മൾ സ്വീകരിച്ചുകൂടാ. ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ പൊതുവായ ബോധം ഉയർത്തിക്കൊണ്ടുവരുന്നതിനായി ജനങ്ങളെയാകെ ഒന്നിച്ച് അണിനിരത്തേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ മാത്രമേ തീവ്രവാദത്തെയും ഭീകരവാദത്തെയും പൂർണ്ണമായും ഒറ്റപ്പെടുത്താൻ സാധിക്കു. മുസ്ലീം വിഭാഗത്തിൽ മഹാഭൂരിപക്ഷവും തീവ്രവാദത്തെയും ഭീകരവാദത്തെയും എതിർക്കുന്നവരാണെന്നതും നാം കാണണം. എല്ലാ ജനവിഭാഗങ്ങളെയും വിശ്വാസത്തിൽ എടുത്തുകൊണ്ട് തെറ്റായ മാർഗ്ഗം സ്വീകരിക്കുന്ന; ദേശ വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന; തീവ്രവാദത്തിനും ഭീകരവാദത്തിനും അടിപ്പെട്ട് പോകുന്ന ആളുകളെ തിരുത്തുന്നതിനും ഒറ്റപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. തീവ്രവാദത്തെയും ഭീകരവാദത്തെയും അതീവ ഗൗരവമായി കണ്ടുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സർക്കാർ സ്വീകരിക്കും. കൂടാതെ കേന്ദ്ര ഏജൻസികളെയടക്കം യോജിപ്പിച്ചുകൊണ്ടുള്ള നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കും.

## ദുരിതാശ്വാസ നിധി കുടിശ്ശിക

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുകയും രോഗികൾക്ക്, പ്രത്യേകിച്ച് മാരക രോഗം ബാധിച്ച സംസ്ഥാനത്തെ പതിനായിരക്കണക്കിന് രോഗികൾക്ക് ആശ്വാസം എത്തിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുകയുടെ വിതരണത്തിലൂടെ ആരോഗ്യ രംഗത്ത് വലിയതോതിലുള്ള മാറ്റമാണ് സൃഷ്ടിക്കാൻ സാധിച്ചത്. ഇത്തരത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കപ്പെട്ടതിൽ നല്ലൊരു തുക ഇന്നിപ്പോൾ കുടിശ്ശികയായി നിലനിൽക്കുന്നതിനാൽ പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. കാരണം മാരക രോഗം ബാധിച്ച പലരും ഓപ്പറേഷൻ നടത്തുന്നതിനായി കാത്തിരിക്കുകയാണ്. ഇത്തരത്തിൽ മാരക രോഗം ബാധിച്ച പല രോഗികളും ഇപ്പോൾ വല്ലാത്തൊരു അവസ്ഥയിലാണ് നിൽക്കുന്നത്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി പഴയതുപോലെ തന്നെയാണോ തുടരുന്നത്; ഇതിൽ എന്തെങ്കിലും മാറ്റമുണ്ടോ എന്നിങ്ങനെയുള്ള ഒരു സംശയം നിലനിൽക്കുന്നുണ്ട്. കാരണം ധാരാളം ആളുകൾ പുതിയ അപേക്ഷകളുമായി

ജനപ്രതിനിധികളെ സമീപിക്കുന്നുണ്ട്. എന്നാൽ ജനപ്രതിനിധികൾക്ക് ഇക്കാര്യത്തിൽ കൃത്യമായ ഉത്തരം നൽകാൻ സാധിക്കാത്ത അവസ്ഥ ഇപ്പോൾ നിലവിലുണ്ട്. നേരത്തെ ഇതിനൊരു നടപടിക്രമമുണ്ടായിരുന്നു; വില്ലേജ് ആഫീസിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ് വാങ്ങി, താലൂക്ക് ആഫീസിൽ നിന്ന് റിപ്പോർട്ട് വാങ്ങി, ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങിയാൽ മാത്രമേ കൂടുതൽ തുക നൽകുകയുള്ളൂ. മുമ്പ് ഇതിനുള്ള സ്ക്രൂട്ടിണി കൃത്യമായി നടന്നിരുന്നു. അത്തരത്തിലുള്ള ഒരു സ്ക്രൂട്ടിണി തന്നെയാണോ ഗവൺമെന്റ് പുതിയതായി അവലംബിക്കാൻ പോകുന്നത് എന്നുകൂടി വ്യക്തമാക്കിയാൽ ആ വിധ നടപടി ക്രമങ്ങൾ പൂർത്തിയാക്കി അർഹരായ ആളുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. കുടിശ്ശിക വിതരണം ചെയ്യുന്നതിനോടൊപ്പംതന്നെ ഇനി ഭാവിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും, മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ദുരിതാശ്വാസ നിധി കുടിശ്ശിക

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നേരത്തെ അനുവദിച്ച തുകയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട വി. ഡി. സതീശൻ എം.എൽ.എ. പ്രശ്നം ഉന്നയിച്ചത്. മുൻ സർക്കാരിന്റെ കാലത്ത്, 18.05.2011 മുതൽ 24.05.2016 വരെ 808,78,08,191 രൂപയുടെ സഹായം ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞപോലെ അത് മുഴുവൻ കൊടുത്തു തീർത്തിട്ടില്ല. ഈ സർക്കാർ ഇതുവരെ 36,58,00,000 രൂപ വിവിധ ജില്ലകൾക്കായി ഈ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. അതിൽ നല്ലൊരു ഭാഗം ബഹുമാന്യനായ അംഗം തന്നെ തന്നിട്ടുള്ളതാണ്. അദ്ദേഹം ഇക്കാര്യത്തിൽ വളരെ താല്പര്യപൂർവ്വം പ്രവർത്തിക്കുന്ന ഒരാളാണ്. അത് നല്ലകാര്യം തന്നെയാണ്. മറ്റുള്ളവരും അത്തരത്തിൽ നീങ്ങേണ്ടതുണ്ട് എന്നാണ് കാണിക്കുന്നത്. ഈ സർക്കാർ ഒൻപതിനായിരത്തിൽപ്പരം അപേക്ഷകർക്ക് 7,20,000-ലധികം രൂപ അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത പ്രകാരം ധനകാര്യവകുപ്പാണ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായ വിതരണത്തിനായി ഫണ്ട് അനുവദിക്കുന്നത്. പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവന തീരെ അപര്യാപ്തമായ നിലയാണുള്ളത്. അതുകൊണ്ട് സർക്കാരിൽനിന്ന് ലഭിക്കുന്ന സംഭാവനയെ ആശ്രയിച്ചാണ് ഈ നിധിയിൽനിന്ന് ജില്ലാ കളക്ടർമാർക്കും മറ്റും ധനസഹായ വിതരണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നത്. ഈ നിധിയിലേയ്ക്ക് ഫണ്ടെത്തിക്കുന്നതിനുള്ള നീക്കം നമ്മളെല്ലാവരും ചേർന്ന് നടത്തേണ്ടതായിട്ടുണ്ട്. എന്നാൽ മാത്രമേ ഈ നിധി നിധിയായി നിൽക്കുകയുള്ളൂ. ജില്ലാ കളക്ടർമാർക്ക് അനുവദിക്കുന്ന ഫണ്ട് താലൂക്ക് തല ഓഫീസുകൾ മുഖേന വിതരണം ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. ധനസഹായത്തിനായുള്ള അപേക്ഷകരുടെ ബാഹുല്യം വളരെ കൂടുതൽ തന്നെയാണ്. അതേസമയം ഫണ്ടിന്റെ അപര്യാപ്തതയുമുണ്ട്. അതുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭിക്കാൻ കാലതാമസമുണ്ടാകുന്നത്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക പതിനാറുദിവസത്തിനകവും, സർക്കാർ ഗുണഭോക്താവിന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം

ചെയ്യുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ധനസഹായം അപേക്ഷകർക്ക് ലഭ്യമാകുന്നതിലെ കാലതാമസമൊഴിവാക്കി പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. ചില നടപടികൾ ഇപ്പോൾ തന്നെ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മുൻപിലെത്തുന്ന പരാതികൾ/അപേക്ഷകൾ അപ്പോൾ തന്നെ താഴത്തേക്ക് എത്തിക്കാനുള്ള സംവിധാനം ഒരുക്കിക്കഴിഞ്ഞിട്ടുണ്ട്. താഴത്തേക്ക് അപ്പോൾ തന്നെ എത്തുക തന്നെ, പക്ഷേ അവിടുന്ന് എത്താൻ കുറച്ച് ദിവസം താമസിക്കും. എന്നാലും താഴത്തേക്ക് പെട്ടെന്ന് തന്നെ എത്തുന്നതിനുള്ള നടപടിക്രമമായി കഴിഞ്ഞിട്ടുണ്ട്; ബാക്കി കാര്യങ്ങൾ വേഗം തന്നെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഭൂമി കൈമാറ്റം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, എറണാകുളം കടവന്ത്രയിലുള്ള സിഡ്കോയുടെ 3 ഏക്കർ 13 സെന്റ് ഭൂമി ഭീമാ ജ്വല്ലറിക്ക് കൈമാറാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനമെടുത്തിരുന്നു. എറണാകുളം നഗരത്തിന്റെ

കണ്ണായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ ഭൂമി വെറും 15 കോടി രൂപ മുൻകൂർ വാങ്ങി ഭീമാ ജ്വല്ലറിക്ക് 50 വർഷത്തേക്ക് കൈമാറാനാണ് നീക്കം നടക്കുന്നത്. അടക്കേണ്ട തുകയായ 15 കോടി രൂപ ഭീമാ ജ്വല്ലറി 10 വർഷം കൊണ്ട് അടച്ചുതീർത്താൽ മതി. കൂടാതെ, വാടക ഇനത്തിൽ 80 വർഷത്തേക്ക് അടക്കേണ്ട തുക 98 കോടി രൂപയായും നിജപ്പെടുത്തിയിട്ടുമുണ്ട്. ഏകദേശ കണക്കനുസരിച്ച് ഈ ഭൂമിയുടെ വില ആയിരക്കണക്കിന് കോടിയിലേറെ വരുമെന്നാണ് ഞാൻ അറിഞ്ഞത്. 80 വർഷം കൊണ്ട് സിഡ്കോയ്ക്ക് കിട്ടുന്നതാകട്ടെ 113 കോടി രൂപ മാത്രവും. കടവന്ത്രയിലെ പ്രസ്തുത ഭൂമി വ്യവസായ കേന്ദ്രം തുടങ്ങാൻ സിഡ്കോ ടെണ്ടർ വിളിച്ചിരുന്നു. ഭീമയും ഗ്രീൻ ടി. വി. എന്ന ഒരു കമ്പനിയും മാത്രമാണ് ടെണ്ടർ കൊടുത്തിട്ടുള്ളത്. ഇതിൽ ഭീമക്ക് കരാർ നൽകുകയായിരുന്നു. ടെണ്ടറിൽ പറഞ്ഞ വ്യവസ്ഥകൾപോലും ലംഘിച്ചാണ് ഭൂമി കൈമാറാൻ തയ്യാറായിരിക്കുന്നത് എന്നതാണ് വിചിത്രം. 35 വർഷത്തേക്ക് ഭൂമി കൈമാറ്റം എന്നാണ് ടെണ്ടറിൽ വ്യക്തമാക്കിയിരിക്കുന്നത്; എന്നാൽ ഭീമയ്ക്ക് ഭൂമി നൽകിയത് 80 വർഷക്കാലത്തേയ്ക്കാണ്. ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് പൂർത്തീകരിക്കണമെന്നാണ് ടെണ്ടർ വ്യവസ്ഥ. എന്നാൽ കരാറിൽ ഇത് 10 വർഷമാണ്. ഈ വിധത്തിൽ

കരാർ വ്യവസ്ഥകൾ ലംഘിച്ചും ടെണ്ടർ നടപടികളിൽ കൃത്രിമം കാണിച്ചും ഭൂമി കൈമാറുന്നതിനെടുക്കുന്ന തീരുമാനം ദുരൂഹമാണ്. ഇതിൽ വൻ അഴിമതി നടന്നതായും വാർത്തയുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന ഈ തട്ടിപ്പ് സംബന്ധിച്ച് അടിയന്തരമായി വിജിലൻസ് അന്വേഷണം ഏർപ്പെടുത്തണമെന്ന് ഞാൻ ശക്തിമായി ആവശ്യപ്പെടുന്നു.

## ഭൂമി കൈമാറ്റം

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള വിഷയംതന്നെയാണ്. ഇത് അതീവ ഗൗരവമുള്ള ഒരു വിഷയം തന്നെയാണ്. എറണാകുളം കടവന്ത്രയിൽ ഉള്ള ഈ ഭൂമിക്ക് ഒരു സെന്റിന് ഏതാണ്ട് 50 ലക്ഷം രൂപ വരെ വിലയുള്ളതാണ്. സിഡ്കോയുടെ റോ-മെറ്റീരിയൽ ഡിവിഷൻ പ്രവർത്തിക്കുന്ന സ്ഥലമാണിത്. 5.13 ഏക്കർ സ്ഥലമാണ്. അവിടെ ഒരു ഇൻഫ്രാസ്ട്രക്ച്ചർ ഹബ്ബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 06.03.2013-ന് അന്നത്തെ സിഡ്കോ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും അതിനുവേണ്ടിയുള്ള നടപടികളാരംഭിക്കുകയും

അതനുസരിച്ച് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇത് രണ്ടുമൂന്ന് ഘട്ടങ്ങളിലായി തുടർന്ന് വരുന്ന ഒരു പ്രക്രിയയാണ്. അവസാനം ഭീമാ ജൂവൽസ് എന്ന സ്ഥാപനവും ഗ്രീൻ ടി. വി., പൂജപ്പുര എന്ന മറ്റൊരു സ്ഥാപനവുമാണ് ടെണ്ടർ കൊടുത്തത്. ഗ്രീൻ ടി. വി., പൂജപ്പുര ഭീമാ ജൂവലേഴ്സുമായിട്ട് ബന്ധമുള്ള സ്ഥാപനമാണ്. അത്തരത്തിലുള്ള സ്ഥാപനം കൊടുത്തിട്ടുള്ള ടെണ്ടറും സംശയാസ്പദമാണ്. എ.ജി. ഇതുസംബന്ധിച്ച് വിശദമായി പരിശോധന നടത്തി ഇതിൽ ഗുരുതരമായിട്ടുള്ള പിശകുകൾ സംഭവിച്ചിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉന്നയിച്ചതുപോലെ കോടിക്കണക്കിന് രൂപ വിലയുള്ള സിഡ്കോയുടെ ഭൂമി കെട്ടുവിലയ്ക്ക് സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിന് വേണ്ടിയുള്ള ഏറ്റവും തെറ്റായിട്ടുള്ള നടപടി ഇതിലുണ്ടായിട്ടുണ്ട്. ഇ-ടെണ്ടറിൽ പങ്കെടുത്ത രണ്ട് കമ്പനികളും വളരെ അടുത്ത ബിസിനസ്സ് ബന്ധമുള്ളവരാണെന്നാണ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഭീമാ ജൂവലറിയുടെ പരസ്യ ഏജൻസിയാണ് ഗ്രീൻ ടി.വി. എന്നിട്ടും ഭീമയുടെ ടെണ്ടർ സ്വീകരിച്ചു. രണ്ടാമത്തേത്, പുതിയ പ്രോജക്ട് വന്നപ്പോൾ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയോ പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകുകയോ ഒന്നും ചെയ്തിട്ടില്ല; പുതിയ പ്രോജക്ട്

തയ്യാറാക്കുന്നതിനുള്ള ഗവൺമെന്റിന്റെ ഒരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. അവിടെ ചെയ്തിരിക്കുന്ന മറ്റൊരു കാര്യം, ടെണ്ടർ കരാർ ഒപ്പു വച്ചാൽ, ആ കാരാർ അംഗീകരിച്ചതിന്റെ 90 ദിവസത്തിനകം അഞ്ച് കോടിരൂപ കൊടുക്കാനും പിന്നീട് 7.5 കോടി കൊടുക്കാനും (ആകെ 12.5 കോടി രൂപ) ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷംരൂപ പ്രതിമാസ വാടകയ്ക്ക് കൊടുക്കാനുമുള്ള വ്യവസ്ഥയാണുള്ളത്. പൊതുമുതൽ ദുരുപയോഗപ്പെടുത്തുക എന്ന ഏറ്റവും തെറ്റായ നടപടി ഇതിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഇതിൽ ഇടപെട്ട് ഈ കരാർ അടിയന്തരമായി റദ്ദ് ചെയ്യാൻ സിഡ്കോയ്ക്ക് നിർദ്ദേശം കൊടുത്തു. 31-05-2016-ൽ (അതായത് ഈ ഗവൺമെന്റ് ചുമതലയേറ്റ് 5 ദിവസം കഴിഞ്ഞപ്പോൾ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഇതിൽ ഇടപെട്ടുകൊണ്ട് ആ കരാർ റദ്ദ് ചെയ്യുകയാണുണ്ടായത്. മാത്രമല്ല, 50 ലക്ഷംരൂപ ഇവരിൽനിന്നും അഡ്വാൻസും വാങ്ങിയിരുന്നു. അത് എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ചുള്ള നടപടി പാലിക്കുന്നതിനായിരുന്നില്ല. ഈ വിഷയം കോടതിയിൽ പോയാൽ ഈ കരാറുകാർക്ക് സംരക്ഷണം നൽകാൻ ഇടയാക്കത്തക്കരീതിയിലുള്ള തെളിവുണ്ടാക്കുകയും അതിനുള്ള വ്യവസ്ഥയുണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി 50 ലക്ഷം രൂപ വാങ്ങുകയും ചെയ്തിരുന്നു. ആ 50 ലക്ഷം രൂപ

തിരിച്ചുകൊടുക്കുകയും ഇതിന് ഉത്തരവാദികളായിട്ടുള്ളവർക്കുനേരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ, ഇതുസംബന്ധിച്ചുള്ള എല്ലാകാര്യങ്ങളും അന്വേഷിക്കാൻ വിജിലൻസിനെ ഏൽപ്പിക്കുന്നതിൽ ഗവൺമെന്റിന് അശേഷം മടിയില്ല. വ്യവസായ വകുപ്പിനോട് അടിയന്തരമായി ഇതുസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ശക്തമായിട്ടുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കും. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ പൊതുസ്വത്ത് ദുരുപയോഗപ്പെടുത്താൻ ഈ ഗവൺമെന്റ് ആരേയും സമ്മതിക്കില്ല എന്ന കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

**<u>കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ</u>**

<u>ശ്രീ. പി. ഉണ്ണി</u>: സർ, പാലക്കാട്ടെ കേന്ദ്രപൊതു മേഖലാസ്ഥാപനമാണ് കഞ്ചിക്കോട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. പ്രസ്തുത സ്ഥാപനം 1974 മുതൽ ലാഭകരമായി പ്രവർത്തിക്കുന്ന ഒന്നായിരുന്നു. ഇതിന്റെ മാതൃ സ്ഥാപനം രാജസ്ഥാനിലെ കോട്ടയിലാണ് പ്രവർത്തിക്കുന്നത്. 1993 മുതൽ മാതൃസ്ഥാപനം നഷ്ടമായതുകൊണ്ട് കഞ്ചിക്കോട്ടെ സ്ഥാപനം ഒരു പീഡിത വ്യവസായമായാണ് കണക്കാക്കപ്പെടുന്നത്. മാതൃസ്ഥാപനം നിരവധി പ്രതിസന്ധികൾ നേരിട്ടിട്ടും ലാഭകരമായി പ്രവർത്തിക്കുന്ന ഒന്നാണ് പാലക്കാട്ടുള്ള ഈ യൂണിറ്റ്. കോട്ടയിലെ

മാതൃസ്ഥാപനത്തിൽ ഉൽപ്പാദനവും പ്രവർത്തനവും രണ്ടുവർഷമായി നിശ്ചലാവസ്ഥയിലാണ്. ഇതുമൂലം പാലക്കാട് യൂണിറ്റിന്റെ നിലനിൽപ്പും പ്രവർത്തനങ്ങളും അനുദിനം അപകടത്തിലേയ്ക്കാണ് നീങ്ങുന്നത്. ജപ്പാൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പാദനം ആരംഭിച്ച് പിന്നീട് സാങ്കേതിക വിദ്യയിലൂടെ സ്വയംപര്യാപ്തത കൈവരിച്ചതാണ് കഞ്ചിക്കോടുള്ള ഈ സ്ഥാപനം. നമ്മുടെ രാജ്യത്ത് ആവശ്യമായ ഊർജ്ജം, എണ്ണ, ഉരുക്ക്, രാസവളം, ആണവോർജ്ജം, താപവൈദ്യുത നിലയങ്ങൾ എന്നിവയ്ക്കാവശ്യമായ വാൽവുകൾ ബഹുരാഷ്ട്ര കുത്തക കമ്പനികളോട് മത്സരിച്ച് ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമാണ് കഞ്ചിക്കോടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്. കഴിഞ്ഞ പത്തുവർഷത്തെ അംശദായം 112 കോടിരൂപയാണ്. കഴിഞ്ഞ ഒരു വർഷത്തെ ലാഭം ഒരു കോടി രൂപയാണ്. 400 ഓളം തൊഴിലാളികളാണ് അവിടെ ജോലിചെയ്തുവരുന്നത്. അവരുടെ കുടുംബങ്ങളുടെ ജീവിതാശ്രയമെന്ന് പറയുന്നത് ഈ സ്ഥാപനമാണ്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഈ വ്യവസായ യൂണിറ്റിനെ രക്ഷിക്കാൻ കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരള സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്, ആവശ്യപ്പെടുകയാണ്, അപേക്ഷിക്കുകയാണ്.

## കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ആസ്ഥാനം രാജസ്ഥാനിലെ കോട്ടയിലാണ്. അതിന്റെ ഒരു യൂണിറ്റാണ് പാലക്കാട് പ്രവർത്തിക്കുന്നത്. പാലക്കാട് യൂണിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നതാണ്. എന്നാൽ രാജസ്ഥാൻ യൂണിറ്റ് 1993 മുതൽ വലിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ രണ്ട് സ്ഥാപനങ്ങളും ചേർത്ത് നോക്കുമ്പോൾ പാലക്കാടുള്ള യൂണിറ്റിൽ വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ചുള്ള നടപടികൾക്ക് ബി.ഐ.എഫ്.ആർ.-ന് റഫർ ചെയ്യുകയും അവർ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. അപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് യൂണിറ്റിനെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-മായി സംയോജിപ്പിച്ചാൽ അത് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന നിലയിൽ അവ സംയോജിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സർക്കാർ കേന്ദ്ര ഖന-വ്യവസായ വകുപ്പുമന്ത്രി ശ്രീ. ആനന്ദ് ഗീഥെ-യ്ക്ക് ഒരു കത്ത് അയയ്ക്കുകയും പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ, കേന്ദ്ര സർക്കാരിൽനിന്നും അനുകൂല നിലപാട്

ഉണ്ടായപ്പോൾ കേരളത്തിലുള്ള ആസ്തികൾ പരിശോധിക്കുന്നതിനുവേണ്ടി റിയാബിനെ ചുമതലപ്പെടുത്തുകയുണ്ടായി. റിയാബിന്റെ പഠനറിപ്പോർട്ട് വിശദമായി പഠിച്ച് വിലയിരുത്തി കമ്പനി ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റിയാബ് ചെയർമാൻ എന്നിവർ അംഗങ്ങളായും റിയാബിന്റെ സെക്രട്ടറി കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. കമ്പനി ഏറ്റെടുക്കുന്നത് സംബന്ധിച്ച് അടുത്ത കാലത്ത് വന്നിട്ടുള്ള പത്രവാർത്തയും മറ്റും അടിസ്ഥാനപ്പെടുത്തി ഈ പ്രശ്നത്തിൽ ഇടപെടുകയും കേരളത്തിലെ അന്വേഷണവുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള കമ്മിറ്റിയുമായി ചർച്ചചെയ്ത് ധാരണയിലെത്താൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. 01-07-2016-ന് ചീഫ് സെക്രട്ടറി കേന്ദ്ര ഖന-വ്യവസായ വകുപ്പ് സെക്രട്ടറിക്കും ഇത് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണെന്നും അതിന് അനുകൂലമായൊരു നിലപാട് സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പി. ഉണ്ണി പറഞ്ഞതുപോലെ, നാനൂറിലധികം തൊഴിലാളികൾ

പണിയെടുക്കുന്ന ഈ സ്ഥാപനം ലാഭകരമായി കേരളത്തിൽ പ്രവർത്തിക്കാൻ സാധിക്കും; അതിനുള്ള നടപടികൾ സ്വീകരിക്കണം; അത് കേരളം ഏറ്റെടുത്തുകൊണ്ട് ആ കടമ നിർവ്വഹിക്കാമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 25-06-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഖന-വ്യവസായ വകുപ്പുമന്ത്രിക്ക് പ്രത്യേകമായി ഒരു കത്ത് അയച്ചിട്ടുണ്ട്. വരുന്ന 16-ാം തീയതി ചേരുന്ന എം.പി.മാരുടെ യോഗത്തിന്റെ അജണ്ടയിൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേരള ഗവൺമെന്റ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് ഒരു പ്രത്യേക വിഷയമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിശദമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കും. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംരക്ഷിക്കുക എന്നുള്ളത് തന്നെയാണ് കേരളത്തിന്റെ താൽപ്പര്യം. ആ താൽപ്പര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

## കുടിവെള്ളക്ഷാമം

ശ്രീ. പി. കെ. ശശി: സർ, ഇതിനുമുമ്പും ഈ വിഷയം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ നേരിടുന്ന കടുത്ത കുടിവെള്ള പ്രശ്നം ഇവിടെ ചർച്ചയ്ക്ക് വിധേയമായതാണ്. ഏറ്റവും ഗൗരവതരമായൊരു

വിഷയം നേരത്തെ ഉണ്ടായിരുന്ന എസ്റ്റിമേറ്റ് മാറ്റി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 14.5 കോടിരൂപയുടെ പുതിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും അത് 2008-ൽ ആരംഭിച്ചതു മുതൽ അതുപോലെ നിൽക്കുകയാണ്. വളരെ ഗൗവരമായ രൂപത്തിൽ, അടിയന്തരപ്രാധാന്യത്തോടുകൂടി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തടയണയുടെ പ്രശ്നം ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ തൂതപ്പുഴയിൽ ഒരു തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ട് അനുദിക്കണമെന്നും കൂടി ആഭ്യർത്ഥിക്കുകയാണ്.

**കുടിവെള്ളക്ഷാമം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം പി. കെ. ശശി ഉന്നയിച്ചത് രണ്ട് പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചാണ്. ഒന്ന്, ചെറുതുരുത്തി പാലത്തിനുതാഴെ തടയണ നിർമ്മിക്കുന്നത് സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 2008-ൽ കരാർ ഉടമ്പടി ചെയ്ത പ്രവൃത്തിയുടെ 25 ശതമാനം പൂർത്തീകരിച്ച കാലയളവിൽ കരാറുകാരന്റെ മരണംമൂലവും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിച്ച സാഹചര്യത്തിലും കരാർ റദ്ദ് ചെയ്യേണ്ടിവന്നു. എന്നാൽ നിലവിലുള്ള സൈറ്റ്

കണ്ടീഷനിൽ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടു. സൈറ്റ് കണ്ടീഷൻ എന്നാൽ നദിയുടെ അടിവശത്ത് കൂടുതൽ ഇളകിയ രീതിയിലുള്ള മണലുണ്ട് എന്ന കാരണത്താൽ നേരത്തെ തയ്യാറാക്കിയ ഡിസൈനിൽ മാറ്റം വരുത്തി പൈലിംഗ് നടത്തി, നൂതന സാങ്കേതികത ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രണ്ടാമത്തെ വിഷയം ആലിപ്പറമ്പ് പഞ്ചായത്തിൽ തൂതപ്പുഴയ്ക്ക് കുറുകെ കാലിക്കടവിൽ തടയണ നിർമ്മിക്കുന്നത് സംബന്ധിച്ചാണ്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പര്യവേക്ഷണം നടത്തികഴിഞ്ഞു. തടയണയുടെ രൂപകൽപ്പന ലഭ്യമായിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി നടപ്പിലാക്കിയാൽ തൂതപ്പുഴയുടെ ഇടത് കരയിൽ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലേയ്ക്കും സമീപപഞ്ചായത്തുകളിലേയ്ക്കും നിലവിലുള്ള കുടിവെള്ള പദ്ധതിക്കും വലതുകരയിൽ ആലിപ്പറമ്പ് പഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതിക്കും ഗുണകരമാകും. അതുകൊണ്ട് ലഭ്യമായ രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അപ്ഗ്രഡേഷൻ

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനെ എ.ടി. ഓഫീസായി ഉയർത്തണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. പന്തളം ശബരിമലയുടെ മൂലസ്ഥാനമാണ്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വരുന്ന അയ്യപ്പഭക്തൻമാർ പന്തളത്ത് എത്തിയതിനുശേഷമാണ് ശബരിമലയിലേയ്ക്ക് പോകുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും ശ്രദ്ധയാകർഷിച്ച പന്തളത്ത് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ വർഷങ്ങളായി ഓപ്പറേറ്റിംഗ് സ്റ്റേഷനായാണ് നിലനിൽക്കുന്നത്. തിരുവനന്തപുരത്തുനിന്ന് കാസർഗോഡേയ്ക്ക് പോകുമ്പോൾ ഏറ്റവും കൂടുതൽ സ്ഥലമുള്ള ബസ് സ്റ്റേഷനാണ് പന്തളം. അവിടെ ചുറ്റുമതിലോ ഗ്യാരേജോ ഇല്ല, സ്റ്റേഷന്റെ സൗകര്യങ്ങൾതന്നെ കുറവാണ്. വളരെ ദുർബ്ബലമായ ഒരു അവസ്ഥയാണ് പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുള്ളത്. അതുകൊണ്ട് ഓപ്പറേറ്റിംഗ് സ്റ്റേഷൻ എന്നത് അപ്ഗ്രേഡ് ചെയ്ത് എ.ടി. ഓഫീസായി ഉയർത്തി പന്തളം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സംരക്ഷിക്കണം എന്നാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

**കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അപ്ഗ്രഡേഷൻ**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഒരു ഓപ്പറേറ്റിംഗ് സെന്ററായാണ് പ്രവർത്തിക്കുന്നത്. ശബരിമല തീർത്ഥാടന സീസണിൽ ഏറ്റവും കൂടുതൽ യാത്രക്കാർ ആശ്രയിക്കുന്ന ഒരു കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റാണ്. ഇതിന്റെയെല്ലാം പ്രാധാന്യം ഗവൺമെന്റിന് നന്നായി അറിയാം. ഇപ്പോൾ പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സെന്ററിനെ സബ് ഡിപ്പോ ആയി ഉയർത്തണമെന്ന അങ്ങയുടെ ആവശ്യവും ധാരാളം സ്ഥലസൗകര്യമുള്ള പ്രസ്തുത ബസ് സ്റ്റാന്റിനെ ആ സ്ഥലം ഉപയോഗപ്പെടുത്തി എങ്ങനെ നല്ലരീതിയിലുള്ള ഒരു ബസ് സ്റ്റാന്റാക്കി മാറ്റാമെന്ന കാര്യവും കെ.എസ്.ആർ.ടി.സി.-യുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആലോചിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റിന് സന്തോഷമേയുള്ളൂ എന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു.

## കാലപ്പഴക്കംചെന്ന വാഹനങ്ങളിലൂടെയും അശ്രദ്ധമായ പാതയിലൂടെയുമുള്ള അപകടങ്ങൾ

ശ്രീ. ഹൈബി ഈഡൻ: സർ, സ്കൂൾ കുട്ടികളുടെ ജീവന് വിലകൽപ്പിക്കണം

എന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മൂന്ന് വയസ്സുമുതലുള്ള കുട്ടികളെ, ഏത് സിലബസിൽ പഠിക്കുന്നവരാണെങ്കിലും, സ്കൂളിലേയ്ക്ക് അയയ്ക്കുന്നതിനായി മാതാപിതാക്കൾ ആശ്രയിക്കുന്നത് സ്കൂൾ ബസുകൾ, സ്കൂൾ വാനുകൾ, ഓട്ടോറിക്ഷകൾ, ഫോർ വീലർ ഓട്ടോറിക്ഷ (നാട്ടിൻപ്രദേശങ്ങളിൽ ഇതിനെ വെള്ളിമൂങ്ങ എന്നാണ് അറിയപ്പെടുന്നത്) എന്നീ വാഹനങ്ങളെയാണ്. പലപ്പോഴും വലിയ ദുരന്തമുണ്ടായതിനുശേഷം മാത്രമാണ് ഇത്തരം വിഷയങ്ങൾ മാധ്യമങ്ങളുൾപ്പെടെ ഗൗരവമായി ചർച്ച ചെയ്യുന്നത്. യാതൊരു സേഫ്റ്റി മെഷേഴ്സുമില്ലാതെ കന്നുകാലികളെപ്പോലെ കുട്ടികളെ കുത്തിനിറച്ചുകൊണ്ടാണ് ഈ വാഹനങ്ങൾ പോകുന്നത്. സേഫ്റ്റി മെഷേഴ്സ് എന്നുദ്ദേശിച്ചത് - യോഗ്യതയില്ലാത്ത ഡ്രൈവർമാരും സ്പീഡ് ഗവേർണറില്ലാതെയും സീറ്റ് ബൽറ്റിടാതെയും എമർജൻസി എക്സിറ്റില്ലാതെയും ഓട്ടോറിക്ഷകളുടെ പിൻവശത്ത് ഡിക്കിയെന്ന് വിശേഷിപ്പിക്കുന്ന സ്ഥലത്താണ് കുട്ടികളെ ഇരുത്തിക്കൊണ്ടുപോകുന്നത്. വാഹനം ഓടിക്കുമ്പോൾ ചെക്കിംഗിൽ കണ്ടുപിടിക്കാൻ കഴിയാത്ത ലഹരി വസ്തുക്കൾ പല ഡ്രൈവർമാരും ഉപയോഗിക്കാറുണ്ട്. പ്രത്യേകിച്ച് മഴക്കാലത്ത് വലിയ ദുരന്തം സൃഷ്ടിക്കാൻ സാധ്യതയുള്ള ഈ പ്രശ്നം അതീവ ഗൗരവത്തോടെ കണ്ട് കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചില വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ

ആവശ്യമാണ്. വിദ്യാഭ്യാസ വകുപ്പും പോലീസ് വകുപ്പും ഗതാഗത വകുപ്പുംകൂടി ചേർന്നാണ് ഇതിനൊരു തീരുമാനമെടുക്കേണ്ടത്. അടിയന്തരമായി ഈ വിഷയത്തിൽ ഗവൺമെന്റ് ഇടപെട്ട് ഇതിനൊരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## കാലപ്പഴക്കംചെന്ന വാഹനങ്ങളിലൂടെയും അശ്രദ്ധമായ പാതയിലൂടെയുമുള്ള അപകടങ്ങൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, നമ്മുടെ സമൂഹം വളരെ ഗൗരവത്തോടെ കാണേണ്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. സ്കൂൾ ബസുകളും വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളും ഏതൊക്കെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കേണ്ടത് എന്നത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളുണ്ട്. എന്നാൽ ആ വ്യവസ്ഥകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നതാണ് ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളിൽ പ്രസക്തം എന്ന് തോന്നുന്നു. ഇത് സംബന്ധിച്ച വ്യവസ്ഥകൾ വായിക്കാൻ കൂടുതലുള്ളതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.+ ഈ വ്യവസ്ഥകൾ പാലിക്കപ്പെടാതെ തികച്ചും മനുഷ്യത്വരഹിതമായാണ് പലരും പെരുമാറുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

\+ അനുബന്ധമായി ചേർക്കുന്നു.

ഇത്തരം വാഹനങ്ങളെ കർശനമായി നിയന്ത്രിക്കാനും നിരീക്ഷിക്കാനും ആവശ്യമാണെങ്കിൽ നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ സ്കൂൾ അധികൃതർക്കും രക്ഷിതാക്കൾക്കും ഇത് സംബന്ധിച്ച അവെയർനസ് നൽകേണ്ടതുണ്ട് എന്നാണ് തോന്നുന്നത്. ആറ് പേരെ കയറ്റാൻ കഴിയുന്ന ഓട്ടോയിൽ പന്ത്രണ്ടും പതിമൂന്നും കുട്ടികൾ യാത്ര ചെയ്യുന്ന സ്ഥിതിയാണുള്ളത്. സ്വന്തം മക്കളുടെ സുരക്ഷയുടെ കാര്യത്തിൽ രക്ഷിതാക്കൾ കുറെക്കൂടി ജാഗ്രത പുലർത്തേണ്ടത് ആവശ്യമാണ് എന്ന അഭ്യർത്ഥന ഞാൻ ഈ വേദിയിലൂടെ രക്ഷിതാക്കൾക്ക് നൽകുകയാണ്. അഭ്യർത്ഥന മാത്രമല്ല, കർശനമായ വ്യവസ്ഥകൾ പാലിക്കുന്ന തരത്തിൽ മാത്രമേ കാര്യങ്ങൾ നീക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം ഇതിനകംതന്നെ നൽകിയിട്ടുണ്ട്. നമ്മുടെ കുട്ടികളുടെ സുരക്ഷയാണ് പ്രധാനം. അത് അശ്രദ്ധയോടെ കൈകാര്യം ചെയ്യാൻ ആരെയും അനുവദിക്കുകയില്ല എന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു.

**നാളികേര കോംപ്ലക്സ്**

<u>ശ്രീ. ബി. സത്യൻ</u>: സർ, ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽ

കൊണ്ടുവന്നപ്പോൾത്തന്നെ അവിടം സന്ദർശിക്കുകയും അത് സംബന്ധിച്ച് പഠിക്കുകയും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ആശയവിനിമയം നടത്തുകയും ചെയ്തതിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെയും ജില്ലയിലെയും നാളികേര കൃഷിക്കാർക്കും കർഷക സംഘടനകൾക്കും വളരെയേറെ സന്തോഷമുണ്ട്. അക്കാര്യം അങ്ങയെ ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. സംസ്ഥാനത്തെ നാളികേര കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി നാളികേര വികസന കോർപ്പറേഷന്റെകീഴിൽ ആരംഭിച്ചതാണ് തിരുവനന്തപുരത്തും എറണാകുളത്തുമുള്ള രണ്ട് സ്ഥാപനങ്ങൾ. തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങലിലേയ്ക്ക് വരുന്ന ദേശീയ പാതയോട് ചേർന്ന് ഏകദേശം 6 ഏക്കറോളം സ്ഥലത്താണ് മാമത്തെ നാളികേര കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത്. നാളികേര കോംപ്ലക്സിൽ വിഭാവനം ചെയ്തിട്ടുള്ളതിൽ ഏറ്റവും പ്രധാനം നാളികേര കർഷകരെ സഹായിക്കുക എന്നതാണ്. നാളികേര കർഷകർ കൊണ്ടുവരുന്ന നാളികേരം സംഭരിച്ച് നാളികേര മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക, അതുവഴി നാളികേര കർഷകന് ന്യായമായ വില ലഭിക്കുക എന്നതാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ പിൽക്കാലത്ത് ആ ഉദ്ദേശ ശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന നിലയിലായി അതിന്റെ പ്രവർത്തനങ്ങൾ. ഒരു സന്ദർഭത്തിൽ കോർപ്പറേഷൻ ലിക്വിഡേറ്റ്

ചെയ്യാൻ വേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയും ജീവനക്കാരെ പിരിച്ചുവിടുകയും ചെയ്തു. വീണ്ടും നാളികേര കോർപ്പറേഷൻ പല ഘട്ടങ്ങളിലായി വിവിധ പദ്ധതികളാരംഭിക്കാൻ ശ്രമിച്ചെങ്കിലും അത് വിജയിച്ചില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന കർഷക പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും മുഖ്യധാരാ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ മാമത്ത് നാളികേര കോംപ്ലക്സ് സംരക്ഷണ സമിതി എന്ന നിലയിൽ നീണ്ടകാലമായി ഒരു സമരം നടന്നുവരികയും തുടർച്ചയായുള്ള ഇടപെടലിന്റെ ഭാഗമായി കൃഷിവകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഭാഗമായി നാളികേര കോംപ്ലക്സ് തുറന്നുപ്രവർത്തിക്കാൻ ആരംഭിക്കുകയും ചെയ്തു. അതിനുശേഷം അവിടെ കേന്ദ്ര ഗവൺമെന്റ് ഫണ്ടുപയോഗിച്ച് ഒരു പദ്ധതി ആരംഭിച്ചു. അതിന്റെ പ്രവർത്തനവും വേണ്ടത്ര നല്ലനിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയിലാണ്. ഇക്കാര്യം അങ്ങ് അവിടം സന്ദർശിച്ച് മനസ്സിലാക്കിയതുമാണ്. അതുകൊണ്ടുതന്നെ നാളികേര കോംപ്ലക്സിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ള നാളികേര സംസ്കരണവും അതിനോടനുബന്ധിച്ച് ആരംഭിച്ചിട്ടുള്ള പദ്ധതിയും പൂർണ്ണതയിലെത്തിക്കുവാനും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ള അഗ്രോ പാർക്കും നാളികേര മാളും അവിടെ ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## നാളികേര കോംപ്ലക്സ്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് കഴിഞ്ഞ കുറേക്കാലമായി അടഞ്ഞുകിടക്കുകയായിരുന്നു. ട്രേഡ് യൂണിയൻ സംഘടനകളും അതുപോലെതന്നെ രാഷ്ട്രീയ പാർട്ടികളുമെല്ലാം നടത്തിയ സമരത്തെത്തുടർന്ന് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ബി. സത്യൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന നിരന്തരമായ ആവശ്യത്തെത്തുടർന്ന് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പുനരുദ്ധാരണത്തിന് 04-03-2016-ലെ ജി.ഒ.65/2014 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ആദ്യ ഗഡുവായി 2 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തു. ഈ ഫണ്ടുപയോഗിച്ച് കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും യന്ത്രസാമഗ്രികൾ സ്ഥാപിക്കുകയുമുണ്ടായി. മാമത്ത് അഗ്രി മാൾ സ്ഥാപിക്കുന്നതിനുള്ള 10 കോടി രൂപയുടെ പ്രോജക്ട് നാളികേര വികസന

കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തയ്യാറാക്കി കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാലും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 50 ശതമാനം സബ്സിഡി മാത്രമെ ലഭിക്കുകയുള്ളൂവെന്നതിനാലും ബാക്കി തുക കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിക്ക് മുൻസർക്കാർ അനുമതി നൽകിയിരുന്നില്ല. വെർജിൻ കോക്കനട്ട് ഓയിലിന്റെ യൂണിറ്റിന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെയും അനുമതി ലഭിക്കാത്തതിനാൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്താൻ സാധിച്ചിട്ടില്ല. എന്നാലിപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതിനായി ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ടെൻഡർ നടപടികളിലും നടത്തിപ്പിലുമുള്ള പരാതികളും ആക്ഷേപങ്ങളും സംബന്ധിച്ചും പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലും ഒരു സമഗ്ര അന്വേഷണം നടത്താനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതിയെത്തുടർന്ന് ഞാൻ

തന്നെ നേരിട്ട് ഈ സ്ഥാപനം ഇതിനിടെ സന്ദർശിക്കുകയുണ്ടായി. വളരെ വർഷങ്ങളായി അടഞ്ഞുകിടക്കുന്ന സ്ഥാപനമാണ്. വെർജിൻ കോക്കനട്ട് ഓയിലിന്റെ ഉൽപ്പാദനം ആരംഭിച്ച് ഉദ്ഘാടനം നടത്തിയെന്നല്ലാതെ ഒരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും ഈ സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യണമെന്നതിനെ സംബന്ധിച്ചും പഠിക്കുന്നതിനായി ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ഈ സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശത്തിനുള്ള മുഖ്യ അലോട്ട്മെന്റുകൾ പൂർത്തിയാക്കി ജൂൺ 30-ന് ക്ലാസ് ആരംഭിച്ചിരിക്കുകയാണ്. സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷാ തീയതി ഇന്ന് അവസാനിക്കുകയാണ്. ഇന്നത്തെ സപ്ലിമെന്ററി അലോട്ട്മെന്റ് കഴിഞ്ഞാലും പ്ലസ് വൺ-ന് പ്രവേശനം ലഭിക്കാതെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഉന്നത പഠന പ്രവേശന കവാടത്തിന് പുറത്തിരിക്കേണ്ട സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ളത്. ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായത് 4,57,654 വിദ്യാർത്ഥികളാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സേ പരീക്ഷാ വിജയികളുൾപ്പെടെ സംസ്ഥാനത്ത് മൊത്തം പ്ലസ് വൺ-ന് അപേക്ഷിച്ചിട്ടുള്ളത് 5,01,171 പേരാണ്. ആകെയുള്ള പ്ലസ് വൺ സീറ്റ് 3,56,730 ആണ്. വി.എച്ച്.എസ്.ഇ.-കളിൽ ഒഴിവുള്ള സീറ്റ് 27,000-ഉം പോളിടെക്നിക്കുകളിൽ 14,500-ഉം ഐ.റ്റി.ഐ.-കളിൽ 1800-ഉം ആണ്. ഇങ്ങനെ പരമാവധി 4 ലക്ഷം വിദ്യാർത്ഥികൾക്കാണ് തുടർ പഠനത്തിന് അഡ്മിഷൻ ലഭിക്കാൻ പോകുന്നത്. ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾ തുടർപഠനത്തിന് സൗകര്യം ലഭിക്കാതെ പുറത്തുനിൽക്കേണ്ടി വരുമെന്നതുസംബന്ധിച്ചുള്ള പത്രവാർത്തകൾ ബഹുമാനപ്പെട്ട

മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എസ്.എസ്.എൽ.സി. വിജയികൾ 4.57 ലക്ഷത്തിലേറെപ്പേർ മറ്റ് മാർഗ്ഗങ്ങൾ തേടേണ്ടിവരുമെന്നും പത്രവാർത്തയിൽ പറയുന്നുണ്ട്. ഓരോ വർഷവും എസ്.എസ്.എൽ.സി. വിജയിച്ചവരുടെയും പ്ലസ് വൺ സീറ്റുകളുടെ എണ്ണവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരികയാണ്. പതിവുപോലെ ഈ പ്രാവശ്യവും മലപ്പുറം ജില്ലയിലാണ് ഈ വ്യത്യാസം പ്രകടമായി കാണാൻ സാധിക്കുന്നത്. ഇവിടെ 79,506 പേരാണ് ഈ വർഷം പ്ലസ് വൺ-ന് അപേക്ഷിച്ചത്. 39,904 പേർക്കാണ് ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളത്. 39,602 പേർ പുറത്തുനിൽക്കേണ്ട അവസ്ഥയാണ്. ഇനി നടക്കാനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിൽ വരാൻ പോകുന്നത് 4889 സീറ്റുകൾ മാത്രമാണ്. ഇതുകഴിഞ്ഞാൽപോലും മുപ്പത്തിഅയ്യായിരത്തിൽപ്പരം വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് അവസരം ലഭിക്കാത്ത സ്ഥിതിയാണിവിടെ ഉണ്ടാകുന്നത്. വിജയ ശതമാനത്തിലുണ്ടാകുന്ന ഉയർച്ചയ്ക്കനുസരിച്ച് തുടർപഠന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഹയർ സെക്കൻഡറി ഡയറക്ടറുടെയും ആർ.ഡി.ഡി.-മാരുടെയും നേതൃത്വത്തിൽ വിദ്യാഭ്യാസ ആവശ്യകതയും സൗകര്യവും

പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ മുൻ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ..

മി. ചെയർമാൻ: യെസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, വളരെ പ്രധാനപ്പെട്ട സംഗതിയാണ്. നമ്മൾ വിദ്യാഭ്യാസ രംഗത്ത് വലിയ പരിഷ്കാരം നടപ്പാക്കുമ്പോൾ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് തുടർ പഠനത്തിന് അവസരം ലഭിക്കാത്ത സ്ഥിതിയാണ്. വളരെ ഗൗരവമുള്ള വിഷയമാണ്. ഒരു മിനിട്ട് അനുവദിക്കണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.. ബഹുമാനപ്പെട്ട അംഗം എല്ലാ കാര്യങ്ങളും അങ്ങ് പ്രതിപാദിച്ചുകഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ കമ്മിറ്റിയുടെ ശിപാർശയ്ക്കനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കണം. അല്ലാത്തപക്ഷം പതിനായിരകണക്കിന് വിദ്യാർത്ഥികൾ ഉന്നതപഠന പ്രവേശന കവാടത്തിന് പുറത്തിരിക്കേണ്ട സ്ഥിതി വരും. മുൻ സർക്കാരിന്റെ കാലത്ത് എം.എൽ.എ.-മാരും അതുപോലെ വിവിധ വിദ്യാഭ്യാസ ഏജൻസികളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ...

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. ഉബൈദുള്ള: സർ, എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ കൂടുതൽ പഠനാവസരങ്ങൾ ലഭ്യമാക്കുന്നതിന് ശ്രമിച്ചിരുന്നു. മലബാറിൽ പ്രത്യേകിച്ചും പുതിയ ഹയർ സെക്കൻഡറി ബാച്ചുകളും....(മൈക്ക് ഓഫ്)....

മി. ചെയർമാൻ: യെസ്.. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.. പ്ലീസ്.

## പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മലപ്പുറം ജില്ലയിലെ ആകെ 246 സ്കൂളുകളിൽ 51,736 സീറ്റുകൾ ഹയർ സെക്കൻഡറി/ പ്ലസ് വൺ പ്രവേശനത്തിന് മലപ്പുറം ജില്ലയിൽ ലഭ്യമായിരുന്നതിന്റെകൂടെ ഈ വർഷം എല്ലാ എയ്ഡഡ് സർക്കാർ സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധന സർക്കാർ അനുവദിച്ചതോടെ മലപ്പുറം ജില്ലയിൽ ആകെ 59,926 പ്ലസ് വൺ സീറ്റുകൾ ലഭ്യമായിട്ടുണ്ട്. ഏകജാലക സംവിധാനത്തിലൂടെ ഈ വർഷത്തെ മുഖ്യ രണ്ട് അലോട്ട്മെന്റിലൂടെ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ ആകെയുള്ള 39,397 മെറിറ്റ് സീറ്റുകളിൽ 34,845 പേർക്ക് 07-07-2016 വരെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു. മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടിയവരുടെ കണക്ക്

എടുത്തുവരുന്നതേയുള്ളൂ. മുകളിൽ സൂചിപ്പിച്ച 59,926 ഹയർസെക്കൻഡറി സീറ്റുകൾക്കുപുറമെ വി.എച്ച്.എസ്.സി., ഐ.റ്റി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിലെ സീറ്റുകൾ ഉൾപ്പെടെ 68,615 സീറ്റുകൾ ഈ വർഷം പത്താംതരം പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി മലപ്പുറം ജില്ലയിൽ ലഭ്യമാണ്. കഴിഞ്ഞ അധ്യയന വർഷം അതായത് 2015-16-ൽ ഹയർ സെക്കൻഡറി/പ്ലസ് വൺ പ്രവേശന നടപടികൾ പൂർത്തിയായപ്പോൾ മലപ്പുറം ജില്ലയിൽ 3,888 സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും ഇനിയുള്ള അലോട്ട്മെന്റിലൂടെ പ്രവേശന നടപടികൾ പൂർത്തിയായ ശേഷം വസ്തുത വിലയിരുത്തി പരിശോധിക്കുന്നതാണ്.

## എം. രാജേഷിന്റെ കുടുംബത്തിന് സഹായം

<u>ശ്രീ. രാജു എബ്രഹാം</u>: സർ, വനംവകുപ്പിനുവേണ്ടി പാമ്പ് പിടുത്ത ജോലിയിലേർപ്പെട്ടിരുന്ന എം. രാജേഷ് 26-06-2016-ൽ കോട്ടയം മെഡിക്കൽ കോളേജിൽവച്ച് മരണപ്പെടുകയുണ്ടായി. മധ്യ തിരുവിതാംകൂറിൽ വനംവകുപ്പിനുവേണ്ടിയും നാട്ടുകാർക്കുവേണ്ടിയും പാമ്പിനെ പിടിക്കുന്ന ഏക വ്യക്തിയാണ് രാജേഷ്. അതിദാരുണമായ ഒരു സംഭവമാണ്. ആ കുടുംബം പട്ടിണിയിലാണ്. അവിടത്തെ ഫോറസ്റ്റ് ഡെപ്യൂട്ടി റെയ്ഞ്ചറുടെ

അഭ്യർത്ഥനയനുസരിച്ചാണ് രാജേഷ് പാമ്പുപിടിത്തത്തിന് ഇത്തവണ എത്തിയത്. അതുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് വനംവകുപ്പിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് 3 ലക്ഷം രൂപയും ഗവൺമെന്റ് 10 ലക്ഷം രൂപയും ധനസഹായമായി നൽകണമെന്നും കൂടാതെ അയാളുടെ ഭാര്യയ്ക്ക് വനം വകുപ്പിൽ ജോലി നൽകണമെന്നും അഭ്യർത്ഥിക്കുകയാണ്. കാരണം ഇത്തരത്തിൽപ്പെട്ട ആളുകളെ സംരക്ഷിച്ചെങ്കിൽ മാത്രമെ ഇത്തരം അപകടകരമായ ജോലിയിലേയ്ക്ക് ആളുകൾ വരികയുള്ളൂ. ഇപ്പോൾ വാവാ സുരേഷ് മാത്രമാണ് ഈ രംഗത്തുള്ളത്. മറ്റാളുകളെ പ്രോത്സാഹിപ്പിക്കണമെന്നുണ്ടെങ്കിൽ ഇത്തരം ആളുകൾക്ക് സംരക്ഷണം കൊടുക്കണം. അതിന് അങ്ങ് തയ്യാറാകണ മെന്നഭ്യർത്ഥിക്കുകയാണ്.

**എം. രാജേഷിന്റെ കുടുംബത്തിന് സഹായം**

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഇവിടെ ശ്രീ. രാജു എബ്രഹാം സബ്മിഷനിലൂടെ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട രാജേഷ് എന്ന ആൾ കഴിഞ്ഞ എട്ട് വർഷത്തോളമായി ജനവാസ മേഖലയിൽനിന്നും വിഷപ്പാമ്പുകളെ പിടിച്ച് വനത്തിലേയ്ക്ക് വിടുന്ന പ്രവർത്തനങ്ങളിൽ വനം വകുപ്പിനെ സഹായിച്ചുവരുന്ന വ്യക്തിയായിരുന്നു. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വനപ്രദേശത്തിന് പുറത്ത് പാമ്പ് കടിയേറ്റ്

മരിക്കുന്ന വ്യക്തിക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകാനാണ് കഴിയുക. വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് സർക്കാരിൽനിന്ന് നൽകുന്ന അർഹമായ ധനസഹായം ലഭിക്കുന്നതിനുവേണ്ടി രാജേഷിന്റെ ഭാര്യ ശ്രീമതി രേഖാ രാജേഷ് 01.07.2016-ന് അപേക്ഷ സമർപ്പിക്കുകയും ആയതിൽ 04.07.2016-ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള നഷ്ടപരിഹാര തുകയായ ഒരു ലക്ഷം രൂപ നൽകുന്നതിനുള്ള ഉത്തരവ് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുമുള്ളതാണ്. എന്നാൽ ഈ കേസിൽ പാമ്പുകളെ ജനവാസ മേഖലയിൽനിന്നും പിടികൂടി തിരികെ അതിന്റെ ആവാസ വ്യവസ്ഥയിൽ എത്തിക്കുന്ന നടപടിയിൽ വൈദഗ്ദ്ധ്യമുള്ള രാജേഷിന്റെ സേവനം നിരവധി സന്ദർഭങ്ങളിൽ വനം വകുപ്പ് പ്രയോജനപ്പെടുത്തിയിട്ടുള്ളതാണ്. വനംവകുപ്പിനും നാട്ടുകാർക്കും അതിന്റെ പ്രയോജനം ഉണ്ടായിട്ടുള്ളതാണ്. ഈ ജോലി ചെയ്യുന്ന സമയത്ത് പാമ്പുകടിയേറ്റാണ് അദ്ദേഹം മരിച്ചത്. ഈ സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് വനത്തിനുള്ളിൽവച്ച് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്ന ആൾക്കാരുടെ ആശ്രിതർക്ക് നൽകാവുന്ന നഷ്ടപരിഹാരത്തുകയായ അഞ്ചുലക്ഷം രൂപ ഇദ്ദേഹത്തിന്റെ ആശ്രിതർക്ക് നൽകുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുമായി ഞാൻ ഇതിനെക്കുറിച്ച് സംസാരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി രേഖാ രാജേഷിന് വനം വകുപ്പിന്റെ കോട്ടയം ഡിവിഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി നൽകി സഹായിക്കാനും തീരുമാനിച്ചിട്ടുണ്ട്.